

# വർണ്ണങ്ങൾ

ജി. ടി.എച്ച്.എസ് മുരിയ്ക്കാട്ടുകുടി

School code 30067

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

**വർണ്ണം ചാലിച്ച കുട്ടിവർണ്ണനകളുടെയും**
**വർണ്ണത്താൽ ശോഭയാർന്ന**
**വരകളുടെയും**

**വർണ്ണച്ചിറകിലേറിയ ഭാവനയുടെയും**

**ലോകത്തിലേയ്ക്ക്.....**

**ജി. ടി.എച്ച്.എസ് മുരിയ്ക്കാട്ടുകുടിയിലെ**

**ലിറ്റിൽ കൈറ്റ്സ് യൂണിറ്റംഗങ്ങളുടെ സ്വാഗതം**

# തയ്യാറാക്കിയത്

ഗോഡ്സൺ ഷിന്റോ
അപർണ ജിനിൽ
വൈഷ്ണവ് എ.ടി
ഹിമ ദിവാകരൻ
ആകാശ് ബിജു
ആൽബിൻ അനു
ചിത്തിര ബാലകൃഷ്ണൻ
ശ്രീകാന്ത് എൻ ജി
മിലൻ ആന്റിണി
ആദിത്യ സാബു
അലീന സി ബിനോയ്
സോണി ജോസ്

വൈഷ്ണവ് ബൈജു
നിരഞ്ജന രൂപേഷ്
സ്നേഹമോൾ യു
രേഷ്മ ബിനേഷ്
അന്നമരിയ എ എം
ശ്രീജിത്ത് ബിജു
അക്ഷര അനീഷ്
അൽഫോൺസ് ആന്റോ
അക്ഷയ്യോൻ അനീഷ്
സ്റ്റാൽവിൻ സാജു
പ്രവീണ പ്രേംകുമാർ



# ആശംസ

ഭൂതം , വർത്തമാനം, ഭാവി എന്നീ കാലങ്ങളിലൂടെ നമ്മെ മുന്നോട്ടും പിന്നോട്ടും കൊണ്ടുപോകുന്ന സുപ്രധാന സമയ യന്ത്രമാണ് രചനകൾ. കലങ്ങൾക്കതീതമായ സന്തോഷത്തിന്റെ ഉറവിടമാണത്. നേരത്തെ തന്നെ വായന ശീലവും രചനാ ശീലവും വളർത്തിയെടുക്കുന്നത് വളരെ നേട്ടം തന്നെയാണ് . ഓരോരുത്തരും അവരവരുടെ അഭിരുചികളെ യഥാ സമയം പ്രയോജനപ്പെടുത്തുമ്പോഴാണ് അവരുടെ കഴിവുകൾ സമൂഹം അറിയുന്നത്. മുരിക്കാട്ടുകുടി ഗവണ്മെന്റ് ട്രൈബൽ ഹയർ സെക്കണ്ടറി സ്കൂളിലെ 'ലിറ്റിൽ കൈറ്റ്സ് ' യൂണിറ്റിന്റെ 'വർണ്ണം' എന്ന സൃഷടിക്ക് ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു. നിങ്ങളൊരുരുത്തരും നാളെയുടെ വക്താക്കളാകാൻ സർവേശ്വരൻ സഹായിക്കട്ടെ.

പ്രിൻസ് മറ്റപ്പള്ളി
PTA പ്രസിഡന്റ്



# ആശംസ

നമ്മുടെ കുഞ്ഞുങ്ങൾക്ക് വ്യത്യസ്തമായ കഴിവുകളാണുള്ളത്. കുഞ്ഞുമനസ്സുകളുടെ ഭാവനകൾക്ക് വാക്കുകളിലൂടെയും വരകളിലൂടെയും നിറം പകർന്നു നൽകാൻ ഇത്തരം പതിപ്പുകളിലൂടെ സാധിക്കുന്നു. ഇനിയും എഴുത്തിന്റെയും വായനയുടെയും ലോകത്തിലൂടെ സഞ്ചരിച്ചു കൊണ്ട് പുതിയ പുതിയ വർണ്ണങ്ങൾ സൃഷ്ടിക്കാൻ നിങ്ങൾക്കു കഴിയട്ടെ എന്ന് ആശംസിച്ചു കൊണ്ട്.......

സ്നേഹപൂർവ്വം
SUNU V R
Headmistress



# എന്റെ വിദ്യാലയം

സച്ച ഷാനോയ്  10 A

അക്ഷരച്ചിറകിലേറി പറക്കാൻ,
സ്വപ്നങ്ങൾക്ക്
കരുത്തുപകരാൻ ,
കരുതലാകാൻ
കരുണയാകാൻ
കളിചിരികൾ
നിറഞ്ഞൊരെൻ
വിദ്യാലയം !

DEVADARSH 3 A



ARJUN P MANOJ 10 B



SHINU MANUAL K RAJAN
SITC

# വീഡിയോ ഗെയിം

കമ്പ്യൂട്ടർ ഗെയിമുകൾ ഒരു വ്യക്തിഗത കമ്പ്യൂട്ടറിലോ ഗെയിമിംഗ് കൺസോളിലോ കളിക്കുന്ന ഇൻ്ററാക്ടീവ് ഇലക്ട്രോണിക് ഗെയിമുകളാണ്. ഈ ഗെയിമുകൾക്ക് ലളിതമായ പസിൽ ഗെയിമുകൾ മുതൽ സങ്കീർണ്ണമായ മൾട്ടിപ്ലെയർ ഓൺലൈൻ ലോകങ്ങൾ വരെയാകാം. ഒരു വെർച്വൽ പരിതസ്ഥിതിയുമായി ഇടപഴകുന്നതും വിവിധ വെല്ലുവിളികൾ അല്ലെങ്കിൽ ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതും അവർ സാധാരണയായി കളിക്കാരെ ഉൾക്കൊള്ളുന്നു. കമ്പ്യൂട്ടർ ഗെയിമുകൾ തനിച്ചോ മറ്റുള്ളവരോടൊപ്പമോ പ്രാദേശികമായോ ഓൺലൈനായോ കളിക്കാം. ആക്ഷൻ, സാഹസികത, റോൾ പ്ലേയിംഗ്, സിമുലേഷൻ, സ്ട്രാറ്റജി, സ്പോർട്സ് എന്നിവയും അതിലേറെയും ഉൾപ്പെടെ വിവിധ വിഭാഗങ്ങളിൽ അവ വരുന്നു. ഗെയിം പരിതസ്ഥിതിയിൽ നാവിഗേറ്റ് ചെയ്യുന്നതിനും സംവദിക്കുന്നതിനും കീബോർഡുകൾ, ഗെയിംപാഡുകൾ അല്ലെങ്കിൽ മോഷൻ കൺട്രോളറുകൾ പോലുള്ള ഇൻപുട്ട് ഉപകരണങ്ങൾ ഉപയോഗിച്ച് കളിക്കാർ ഗെയിം നിയന്ത്രിക്കുന്നു. കമ്പ്യൂട്ടർ ഗെയിമുകൾ എല്ലാ പ്രായത്തിലുമുള്ള ആളുകൾക്ക് വിനോദത്തിൻ്റെയും ഒഴിവുസമയ പ്രവർത്തനങ്ങളുടെയും ഒരു ജനപ്രിയ രൂപമായി മാറിയിരിക്കുന്നു, ആഴത്തിലുള്ള അനുഭവങ്ങൾ, സാമൂഹിക ഇടപെടൽ, നൈപുണ്യ വികസനത്തിനും മത്സരത്തിനുമുള്ള അവസരങ്ങൾ എന്നിവ വാഗ്ദാനം ചെയ്യുന്നു. കമ്പ്യൂട്ടർ ഗെയിമുകൾക്ക് കുട്ടികൾക്ക് ഗുണവും ദോഷവും ഉണ്ടാകും:

ഗുണങ്ങൾ

വൈജ്ഞാനിക നേട്ടങ്ങൾ: ചില തരം കമ്പ്യൂട്ടർഗെയിമുകൾക്ക് പ്രശ്നപരിഹാരം, സ്പേഷ്യൽ അവബോധം, തന്ത്രപരമായ ചിന്ത എന്നിവ പോലുള്ള വൈജ്ഞാനിക കഴിവുകൾ മെച്ചപ്പെടുത്താൻ കഴിയും.

വിദ്യാഭ്യാസപരമായ ഉള്ളടക്കം: ഗണിതശാസ്ത്രം, ചരിത്രം, ഭാഷ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് കുട്ടികളെ രസകരവും ആകർഷകവുമായ രീതിയിൽ പഠിപ്പിക്കുന്ന തരത്തിലാണ് പല കമ്പ്യൂട്ടർ ഗെയിമുകളും രൂപകൽപ്പന ചെയ്തിരിക്കുന്നത്.സാമൂഹിക ഇടപെടൽ: മൾട്ടിപ്ലെയർ കമ്പ്യൂട്ടർ ഗെയിമി



മുകൾകുട്ടികൾക്ക് സമപ്രായക്കാരുമായി ഇടപഴകാനും സഹകരിക്കാനും ടീം വർക്ക് കഴിവുകൾ വികസിപ്പിക്കാനും അവസരമൊരുക്കും.
സ്ട്രെസ് റിലീഫ്: കമ്പ്യൂട്ടർ ഗെയിമുകൾ കളിക്കുന്നത് കുട്ടികൾക്ക് വിശ്രമത്തിനും സമ്മർദ്ദം ഒഴിവാക്കുന്നതിനുമുള്ള ഒരു രൂപമായി വർത്തിക്കും, ഇത് സർഗ്ഗാത്മകതയ്ക്കും ഭാവനയ്ക്കും ഒരു ഔട്ട്ലെറ്റ് നൽകുന്നു.

ഹാൻഡ്-ഐ കോർഡിനേഷൻ: ചില കമ്പ്യൂട്ടർ ഗെയിമുകൾക്ക് കൃത്യമായ കൈ-കണ്ണ് ഏകോപനം ആവശ്യമാണ് കൂടാതെ മോട്ടോർ കഴിവുകൾ മെച്ചപ്പെടുത്താൻ സഹായിക്കുകയും ചെയ്യും.

ദോഷങ്ങൾ:

അമിതമായ സ്ക്രീൻ സമയം: കമ്പ്യൂട്ടർ ഗെയിമുകൾ കളിക്കാൻ കൂടുതൽ സമയം ചെലവഴിക്കുന്നത് ഉദാസീനമായ ജീവിതശൈലിയിലേക്ക് നയിക്കുകയും ശാരീരിക പ്രവർത്തനങ്ങൾ കുറയ്ക്കുകയും അമിതവണ്ണത്തിനുള്ള സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യും.
ആസക്തി: ചില കുട്ടികൾ കംപ്യൂട്ടർ ഗെയിമുകൾക്ക് അടിമപ്പെട്ടേക്കാം, ഇത് അമിത ഗെയിമിംഗ്, മറ്റ് ഉത്തരവാദിത്തങ്ങൾ അവഗണിക്കൽ, ഉൾവലിയൽ എന്നിവയിലേക്ക് നയിക്കുന്നു.
സാമൂഹിക ഒറ്റപ്പെടൽ: അമിതമായ ഗെയിമിംഗ് സാമൂഹിക ഒറ്റപ്പെടലിലേക്ക് നയിച്ചേക്കാം, കാരണം യഥാർത്ഥ ജീവിതത്തിൽ സമപ്രായക്കാരുമായി ഇടപഴകുന്നതിന് പകരം ഒറ്റയ്ക്ക് ഗെയിമുകൾ കളിക്കാൻ കുട്ടികൾ ഇഷ്ടപ്പെടുന്നു.

നെഗറ്റീവ് ഉള്ളടക്കം: എല്ലാ കമ്പ്യൂട്ടർ ഗെയിമുകളും കുട്ടികൾക്ക് അനുയോജ്യമല്ല, അക്രമപരമോ അനുചിതമോ ആയ ഉള്ളടക്കവുമായി സമ്പർക്കം പുലർത്തുന്നത് പെരുമാറ്റത്തെയും മനോഭാവത്തെയും പ്രതികൂലമായി ബാധിക്കും.
അക്കാദമിക് ആഘാതം: അമിതമായ ഗെയിമിംഗ് അക്കാദമിക് പ്രകടനത്തെ തടസ്സപ്പെടുത്തും, കാരണം കുട്ടികൾ പഠിക്കുന്നതിനോ ഹോംവർക്ക് അസൈൻമെൻ്റുകൾ പൂർത്തിയാക്കുന്നതിനോ കുറച്ച് സമയം ചെലവഴിക്കും.
മൊത്തത്തിൽ, കമ്പ്യൂട്ടർ ഗെയിമുകൾക്ക് കുട്ടികൾക്ക് വിദ്യാഭ്യാസപരവും വൈജ്ഞാനികവുമായ നേട്ടങ്ങൾ നൽകാൻ കഴിയുമെങ്കിലും, മറ്റ് പ്രവർത്തനങ്ങളോടും ഉത്തരവാദിത്തങ്ങളോടും ഒരു ബാലൻസ് ഉറപ്പാക്കാൻ മാതാപിതാക്കൾ അവരുടെ കുട്ടികളുടെ ഗെയിമിംഗ് ശീലങ്ങൾ നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടത് പ്രധാനമാണ്. ആരോഗ്യകരമായ ഗെയിമിംഗ് പെരുമാറ്റം പ്രോത്സാഹിപ്പിക്കുന്നതിന് മോഡറേഷൻ പ്രോത്സാഹിപ്പിക്കുന്നതും പ്രായത്തിന് അനുയോജ്യമായ ഗെയിമുകൾ തിരഞ്ഞെടുക്കുന്നതും ഗെയിമിംഗ് ശീലങ്ങളെക്കുറിച്ചുള്ള തുറന്ന ആശയവിനിമയം പ്രോത്സാഹിപ്പിക്കുന്നതും അത്യാവശ്യമാണ്.



# പുലർക്കാലം

ഹിമഗൗരി എസ് 6 B

പുലരി വെളിച്ചമേകി സൂര്യനുണർന്നു
നേരം പുലർന്നു പാട്ടുണർന്നു ചില്ലയേ
റി കിളികൾ പാടി ഭൂമിയുണർന്നു
മഞ്ഞലിഞ്ഞു പുലരിയിൽ ചൂടേറ്റു അലി
യുന്ന മഞ്ഞിന്റെ നിറം മഴവില്ലിനു
തുല്യം പുല്ലിനു കിരിടം ചൂടി തെളിഞ്ഞു
നിൽക്കുന്നു. ഭൂമിയിലെ പുലരിവർണ്ണം
സ്വർഗതുല്ലം ആവും നേരം പുലർന്നേ
ഭൂമിയുണർന്നേ എല്ലാവരുമുണർന്നു
വായേ....
കിളികൾ പാട്ടുംപാടി തുള്ളിരസിച്ചു
കളിക്കുന്നെ രാത്രിയിൽ തിമിർത്ത
മഞ്ഞ് താനെ ഉരുകിയൊഴുക്കുന്നനേ
രം പുലർന്നാൽ സൂര്യനുണർന്നാൽ
ഉതുളിൻ ഭൂപടം മായുമ്പോൾ എല്ലാ
വർക്കും പണിയാണെ പുലർകാലം
കണ്ടു രസിക്കാനാവില്ല... പുലർ
ക്കാലം എന്തു രസമാണെ ഉരുകുന്ന
മഞ്ഞ് , കിളികളുടെ പാട്ട് ,കിരീടം ചൂടു
ന്ന പുൽനാമ്പുകൾ അങ്ങനെ എന്നും
ഉണ്ടേ പുലർക്കാലം.....

# നഗരത്തെ വിറപ്പിച്ച വാതകം

രേഷ്മ ബി 8A

പുലരുമ്പോൾ ഭോപ്പാൽ നഗരത്തിൽ ആയിരങ്ങൾ പിടഞ്ഞു മരിക്കുകയായിരുന്നു ഒരു നഗരത്തെയാകെ പിടിച്ചു കുലുക്കിയ ആ മഹാദുരന്തം സംഭവിച്ചുകഴിഞ്ഞ് മണിക്കൂറുകൾ കടന്നുപോയിരുന്നു. വഴിയിൽ അങ്ങും ഇങ്ങും ചിതറിക്കിടക്കുന്ന മനുഷ്യശവങ്ങൾ. അവയെ ലോറികളിൽ കൊണ്ടുപോകുന്ന ജോലികൾ തുടർന്നു കൊണ്ടിരുന്നു .

യൂണിയൻ കാർബൈഡ് എന്ന ഒരു കമ്പനിയിൽ നിന്ന് നിർമിച്ച ഒരു വാതകമാണ് ഈ നഗരത്തെ വിറപ്പിച്ച മഹാദുരന്തം. 1984- ൽ ഈ വാതകം കണ്ടുപിടിച്ചു. രാജ്യങ്ങൾ തമ്മിൽ യുദ്ധം ഉണ്ടാകുമ്പോൾ തൊട്ടടുത്ത രാജ്യത്തെ പരാജയപ്പെടുത്താനാണ് ഈ വാതകം കണ്ടുപിടിച്ചത്.

ഈ മഹാദുരന്തം നടന്ന് കുറെ വർഷങ്ങൾ കഴിഞ്ഞു പോയി ദുരന്തത്തിൽ ചില ആളുകൾ മാത്രം മാണ് ജീവിച്ചിരുന്നത് അവയിൽ പെൺകുട്ടികളെയും ആൺകുട്ടികളെയും ആരോരും ഇല്ലാത്ത കുഞ്ഞുങ്ങളെയും ആർമി



നിർമിച്ച ഒരു സ്ഥാപനത്തിൽ മാറ്റി താമസിപ്പിക്കുകയും ചെയ്തു .ആ നഗരത്തിൽ തന്നെ എസ്. ഐ എന്ന ഒരു സ്ഥാപനം തുടർന്നുകൊണ്ടിരുന്നു.

ദുരന്തം നടന്ന് ഒറ്റപ്പെട്ടുപോയവരെ മാത്രമാണ് അവിടെ താമസിപ്പിക്കുകയും അവർക്ക് നല്ല നിലയിലുള്ള വിദ്യാഭ്യാസവും നൽകുകയും ചെയ്യുന്നു. പക്ഷെ ആ സ്ഥാപനം നിർമ്മിച്ചത് മറ്റൊരു ലക്ഷ്യത്തിനുവേണ്ടിയാണ് .

* കഥ തുടർന്നു *

## പ്രകൃതി

ഒരു ദിവസം തുടങ്ങുന്നത്
സ്നേഹത്തിന്റെ ചുവപ്പിലൂടെ
വെള്ളയുടെ വിശ്വസത്തിലൂടെ
ദുഃഖത്തിന്റെ കറുപ്പിലൂടെ. ആ ദിവസം
അവസാനിക്കുന്നു
നമ്മുടെ വികാരങ്ങളെ പ്രതിഫലിപ്പിക്കുന്ന
അദൃശ്യശക്തിയാണ് പ്രകൃതി.

വൈശാനവ് എ ടി 9 B

GOUTHAM KRISHNA 6 B



NIVIN SAJI 3 A



# വനത്തിൽ ഒരു മനുഷ്യൻ

അനീഷ് എസ് 10 A

വനത്തിൽ ആയിരുന്നു അവൻറെ
വീട്.വനത്തിൽ എവിടെ എന്ന്
ചോദിച്ചാൽ ... മൂന്നു പുഴ കടന്നു
പോകണം.നിറയെ മൃഗങ്ങളുള്ള
സ്ഥലമായിരുന്നു
അത്.കാടിനുള്ളിലൂടെ അവൻ
നടക്കുമ്പോൾ എന്തു രസം.ആ
കാട്ടിലെ മരങ്ങളും കാറ്റും അവിടെ
നിന്ന് കിട്ടുന്ന വെള്ളവും ചുറ്റും
ഒരുപാട് പക്ഷികളും... അവിടെ
നിന്ന് കിട്ടുന്ന പഴം
തേൻ ,ധാന്യങ്ങൾ ,കിഴങ്ങ്
വർഗ്ഗങ്ങൾ.അവിടെ ജീവിക്കാൻ
എന്തു രസമാണെന്നോ..

കാട്ടിൽ നിന്നും പഠിക്കാൻ
അവൻ നാട്ടിൽ ഒരു സ്കൂളിൽ
എത്തി.

അത് പുതിയൊരു
ലോകമായിരുന്നു.
കുട്ടികളെല്ലാവരും പഠിക്കുന്നു,
കളിക്കുന്നു.അവൻ ആദ്യം
അത്ഭുതം തോന്നി.ഒരു വലിയ
ആൽമരമുള്ള സ്കൂളിലാണ് അവൻ
ആദ്യം പഠിച്ചത്.അവിടെനിന്നും
മറ്റൊരു സ്കൂളിലേക്ക്.അതുകഴിഞ്ഞ്
ജി.റ്റി.എച്ച്.എസ്.എസ്
മുരിക്കാട്ടുകുടി എന്ന സ്കൂളിൽ
ചേർന്നു.അവനിപ്പോൾ പത്താം
ക്ലാസിൽ പഠിക്കുന്നു.ഇനിയാണ്
അവന്റെ ജീവിതം...




# മുത്തശ്ശികഥ

തുഷാര ബാബു 10 A

ഒ
രിടത്തൊരിടത്ത്
ഒരു മുത്തശ്ശിയുണ്ടായിരുന്നു.
ആ മുത്തശ്ശിയുടെ വീടിനു ചുറ്റും കുറെ
പക്ഷികളും പൂമ്പാറ്റകളും വരുമായിരുന്നു.
ആ മുത്തശ്ശിക്ക് അവർ അവിടെ വരുന്നത്
ഇഷ്ടമില്ലായിരുന്നു. അതുകൊണ്ട് തന്നെ
അവിടെ വരുന്ന പക്ഷികളെ മുത്തശ്ശി എന്നും
ഓടിക്കുമായിരുന്നു.  ഒരു ദിവസം മുത്തശ്ശി
വയ്യാതെ കിടക്കുകയായിരുന്നു. അപ്പോൾ
ഒരു കാക്കചേട്ടൻ അവിടെ വന്നപ്പോൾ
വീടിനുചുറ്റും നിറയെ പള്ളകൾ
നിറഞ്ഞു കിടക്കുന്നതു കണ്ടു.
കാക്കചേട്ടൻ തന്റെ
കൂട്ടുകാരെയെല്ലാ
വരെയും അവിടെയ്ക്കു
വിളിച്ചു കൊണ്ടുവന്നു.
അവർ എല്ലാവരും ചേർന്ന് അവിടം
വൃത്തിയാക്കി. മുത്തശ്ശി അതും നോക്കി കിടന്നു. മുത്തശ്ശിക്ക്
വയ്യാതെ വന്നപ്പോൾ അവരാണ് അവിടം
വൃത്തിയാക്കിയത്. പിന്നെ മുത്തശ്ശി അവർക്ക് എന്നും
വെള്ളവും ഭക്ഷണവും നൽകുമായിരുന്നു. പക്ഷികൾക്കും
പൂമ്പാറ്റകൾക്കും വളരെ സന്തോഷവുമായി.









DEVADATH PRADEEP 5 B




THERESE MANUAL 8B



# ആനക്കുട്ടിയുടെ കഥ

ഷാരോൺ ഷിബു 4 A

ഒരിടത്ത് ഒരു ആനക്കുട്ടി ഉണ്ടായിരുന്നു. ആനക്കുട്ടിക്ക് ഒരു സങ്കടമുണ്ടായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം ആനക്കുട്ടിയെ കൂട്ടുകാർ കളിക്കാൻ വിളിച്ചു. അപ്പോൾ ആനക്കുട്ടിയുടെ കൂട്ടുകാരുടെ ഓരോ നിറവും കണ്ട് ആനക്കുട്ടിക്ക് സങ്കടമായി .ആനക്കുട്ടി എവിടെയും പോവാതെ അമ്മയുടെ പുറകിൽ മറഞ്ഞിരുന്നു കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ആനക്കുട്ടിയുടെ കൂട്ടുകാരിൽ ഒരാൾ ഓടി വന്നു. എന്നിട്ടു പറഞ്ഞു നമ്മുടെ ആളുകൾ മനുഷ്യരുടെ കെണിയിൽപ്പെട്ടു അപ്പോൾ അമ്മയാന അവിടെ ചെന്നു അതിന്റെ പുറകെ നമ്മുടെ കുട്ടിയാനയും ഉണ്ടായിരുന്നു.അമ്മയാന കൂട് തല്ലി പൊളിച്ചു. അവരെ രക്ഷിച്ചു. അപ്പോൾ കുട്ടിയാനക്ക് മനസ്സിലായി നിറത്തിലൊന്നുമല്ല കാര്യം ശക്തിയിലാണ് എന്ന് എല്ലാ ജീവികളിലും ശക്തി തനിക്കാണെന്ന് മനസ്സിലായി കുട്ടിയാന കൂട്ടുകാരോടൊത്ത് കളിക്കാൻ തുടങ്ങി



# സൗഹൃദം

ഫേബ ലൂക്കോസ്  10 B



ഒരിക്കൽ ഒരു പെൻസിൽ താൻ എഴുത്തിൽ വരുത്തിയ തെറ്റിനെക്കുറിച്ചോർത്ത് പേപ്പറിന്റെ മുകളിൽ കിടന്നു കരഞ്ഞു. ഉടനെ ബോക്സിൽ നിന്ന് ഒരു ഹീറോയേപോലെ ചാടി വന്ന ഇറെയിസർ, " പെൻസിലിനോടായി പറഞ്ഞു പിന്നെന്തിനാ മുത്തേ ചേട്ടൻ ഇവിടെയുള്ളത് ? ഞാൻ ഇപ്പൊ ശരിയാക്കി തരാം..." ഇറയിസർ തെറ്റ് മായിച്ചുകൊടുത്തു. അതോടെ പെൻസിലിന്റെ മുഖം ബൾബ് പോലെ പ്രകാശിച്ചു. തെറ്റ് വന്നാൽ തിരുത്തിത്തരാൻ ഇറയിസർ ഉണ്ടെന്നുള്ള വിശ്വാസത്തോടെ പെൻസിൽ എഴുത്തു തുടർന്നു.അങ്ങനെ പെൻസിലും ഇറെയിസറും തമ്മിലുള്ള സൗഹൃദം മുന്നോട്ട് പോയി.

## പ്രകൃതി

പച്ചവിരിച്ചുള്ള  കാട്
പച്ചപുതച്ചുള്ള  മേട്
നീലാകാശം  നിറയെ
പഞ്ഞികെട്ടുകൾ  വിതറി
ചിരിച്ച്  നിൽക്കും
സൂര്യൻ

അൽഫോൺസ് ആന്റോ

നന്ദന ബിജു 8 A

# ലഹരി വിമുക്തി

ഒരിടത്ത് ഒരു പാവപ്പെട്ട മുത്തശ്ശി ഉണ്ടായിരുന്നു. മുത്തശിക്ക് മൂന്ന് പേരക്കുട്ടികൾ ഉണ്ടായിരുന്നു. അത് തന്റെ മകളുടെ മകളായിരുന്നു. തന്റെ മകളുടെ മൂന്നാമത്തെ പ്രസവത്തിൽ



മകൾ മരിച്ചു പോയി. ഇത് സഹിക്കാതെ മകളുടെ ഭർത്താവ് കുടിച്ച് കുടിച്ച് ഒരു മുഴുകുടിയനായി മാറിയാണ് അദ്ദേഹം മരിച്ചത്. പിന്നീട് ആ മൂന്ന് കുട്ടികളെയും അമ്മൂമ്മയാണ് നോക്കിയിരുന്നത്. അമ്മൂമ്മ തന്റെ ചെറുമക്കൾക്ക് വേണ്ടി ഒരുപാട് കഷ്ടപ്പാടുകൾ സഹിച്ച് വളർത്തിയെടുത്തു. ഒന്നാമത്തെ ഒരു പെൺകുട്ടിയായിരുന്നു. രണ്ടാമത്തെയും ഒരു പെൺക്കുട്ടിയായിരുന്നു. മൂന്നാമത്തെ ഒരു ആൺക്കുട്ടിയായിരുന്നു. അമ്മൂമ്മ തന്റെ ചെറു മക്കളിൽ രണ്ട് പേരെ നല്ലൊരു കുടുംബത്തിൽ കല്യാണം കഴിപ്പിച്ച് അയച്ചു. ഇനി ആ വീട്ടിൽ ആ ആൺകുട്ടിയും മുത്തശിയും ആയിരുന്നു ഉണ്ടായിരുന്നത്. അവൻ B. TECH പഠിക്കുകയായിരുന്നു. അവന്റെ ഉപരിപഠനത്തിന് വേണ്ടി ഒരുപാട് പണം ആവിശ്യമായിരുന്നത് കൊണ്ട് അവനെ ഒരു ഹോസ്റ്റലിൽ കൊണ്ട് ചേർത്തു.അവൻ ആദ്യം ഒക്കെ ഹോസ്റ്റലുമായി പൊരുത്തപെടാൻ നല്ല പാടുപെട്ടു. അവന് അവിടെ രണ്ട് കൂട്ടുകാരെ കിട്ടി. പക്ഷേ ആ കൂട്ടുകാർ

കള്ളിനും കഞ്ചാവിനും അടിമയായിരുന്നു. കൂട്ടുകാർ ഇങ്ങനെ ആയിരിന്നുവെന്ന് അവൻ അറിഞ്ഞിരുന്നില്ല. ഒരിക്കൽ തന്റെ കൂട്ടുകാർ എന്തോ പൊടി പോലെയുള്ള ഒരു സാധനം മൂക്കിലേക്ക് വലിച്ച് കയറ്റി. ഇത് കണ്ട അവൻ ഇത് എന്താണെന്ന് ചോദിച്ചപ്പോൾ കൂട്ടുകാർ പറഞ്ഞു, ഞങ്ങൾ ചെയ്തത് പോലെ നീയും ചെയ്തു നോക്ക്. ആദ്യം ഒരു മടി അവനുണ്ടായിരുന്നെങ്കിലും കൂട്ടുകാരുടെ നിർബന്ധത്തിൽ അവൻ ആ പൊടി മൂക്കിലേക്ക് വലിച്ച് കയറ്റി. പിന്നീട് അവൻ കൂട്ടുകാരുടെ കൂടെ ആ പൊടി വലിക്കാൻ തുടങ്ങി. അങ്ങനെ അവനും മാരകമായ ലഹരിക്ക് അടിമയായി. ഇതൊന്നും അറിയാതെ പാവം മുത്തശ്ശി പണി ചെയ്ത് അവന്റെ ഏത് ആവിശ്യത്തിനും പണം അയച്ചു കൊടുത്തിരുന്നു. ഒരു നാൾ തന്റെ ചെറുമകൻ ലഹരിക്ക് അടിമയാണെന്ന് അറിഞ്ഞപ്പോൾ തന്റെ ചെറുമക്കനെ വഴക്ക് പറഞ്ഞു ഹോസ്റ്റലിൽ നിന്നും വീട്ടിലേക്ക് കൊണ്ടുവന്നു. വീട്ടിൽ വന്ന ശേഷം



അവൻ ലഹരിക്ക് വേണ്ടി ഒരു ഭ്രാന്തനെ പോലെ ആ നാട്ടിൽ എങ്ങും അലഞ്ഞു നടന്നു. ഈ സംഭവം അറിഞ്ഞ മുത്തശ്ശി തന്റെ ചെറുമകനെ എവിടെയും പോകാതിരിക്കാൻ ഒരു മുറിയിൽ പൂട്ടിയിട്ടു. അങ്ങനെ ഒരു ദിവസം മുത്തശ്ശി ജോലിക്ക് പോയിട്ട് വൈകുന്നേരം വന്ന് ചെറു മകനെ പൂട്ടിയിട്ട ആ മുറിയുടെ കതക് തുറന്ന് അകത്തു കയറിയപ്പോൾ അവൻ തന്റെ മുത്തശ്ശിയെ കത്തി കൊണ്ട് കുത്തിക്കൊന്നു. ഈ വിവരം അറിഞ്ഞ നാട്ടുകാർ പോലീസിനെ വിളിച്ചു. പോലീസുകാർ വന്ന് അവനെ പിടിച്ചു കൊണ്ടുപോയി ജയിലിൽ ഇട്ടു. ജയിലിൽ വെച്ച് അവന് ഒരുപാട് കൗൺസിലിംങ് നടത്തി. ഒരുപാട് കൗൺസിലിംങിനു ശേഷം അവന്റെ തെറ്റുകൾ അവൻ തിരിച്ചറിഞ്ഞു. അവൻ ചെയിത തെറ്റുകൾ ഓർത്ത് അവൻ ഒരുപാട് കരഞ്ഞു. പിന്നീട് ഒരിക്കലും അവൻ ലഹരി ഉപയോഗിച്ചില്ല.......

വെള്ളകീറി ഉയർന്നു വരുന്ന
സൂര്യനും,
കറുപ്പിൽ വെള്ള തൊട്ടതുപോലെ
ചന്ദ്രനും,
ഏതു പ്രതിസന്ധിയും
മാറും എന്നാ ആത്മവിശ്വാസവും
ചേർന്നൊരുങ്ങിയ ഈ ഭൂമിയിൽ,
ഇതെല്ലാം ആസ്വാദിക്കാൻ
ഹരിതാഭമായ ഈ പ്രകൃതിയിൽ ഒരായിരം
ജന്മം മനുഷ്യനായി കിട്ടിയാൽ.......
എന്ത് മനോഹരമായിരുന്നു...

ആദിത്യ സാബു 9 A

## ഒരു കുഞ്ഞു മഴത്തുള്ളി

ഞാൻ ഇങ്ങനെ
പെയ്തുകൊണ്ടിരിക്കുകയുള്ളൂ എന്റെ
ജീവിതം മനുഷ്യർ ആഘോഷിക്കുകയും
കുടിവെള്ളം ആകുകയും ചെയ്യുന്നു
എൻറെ ജീവിതം എന്നും ഇങ്ങനെ
നിലത്ത് വീണ ചതഞ്ഞു കൊണ്ടിരിക്കും
പാവം മഴത്തുള്ളിയുടെ ജീവിതം
കട്ടപ്പൊക
പാവം മഴത്തുള്ളി എന്നെക്കൊണ്ട്
ഒരുപാട് ഉപകാരങ്ങളുണ്ട് അതു
മറക്കരുത്

ജോബിനാമോൾ തോമസ് 8B

അനാമിക പി. ബിനു IX B

# അച്ഛൻ

എല്ലാ കാര്യങ്ങൾക്കും
കുട്ടുനിൽക്കുകയും
ഏതു സാധനങ്ങൾ
വേണമെന്ന്,
പറഞ്ഞാലും അത് വേണ്ടയെന്ന് പറയാതെ
വാങ്ങി തരുന്ന അച്ഛനെ
നാളേറെ മനം
കൊതിക്കുന്നു.
ഓരോരോ കാര്യങ്ങൾ പറഞ്ഞും
എല്ലാത്തിനും അമ്മയേകാൾ
മുന്നേ കൂടെ നിൽക്കുന്ന
എന്റെ നാളത്തെ പുലരിയെ ഞാൻ
ഓർക്കുന്നു. ഞാൻ താൻ വളരുമ്പോൾ
എന്റെ ഉള്ളിലെ എല്ലാ കാര്യങ്ങളും മനസ്സിലാക്കുകയും
പെയ്യുന്ന എന്റെ കാരുണ്യമനസ്സിനുടമ......
" അച്ഛൻ കനിവ്വ്നോടുണ്ടാവേണമെ
പ്രതികരണബുദ്ധിയിൽ നിന്ന്
എന്നെ ഉയരങ്ങളിൽ എത്തിക്കേണമേ"



നിരഞ്ജന ശ്രുപേഷ് IX B.

# അടിമ

ഒരിടത്ത് ഒരു അച്ഛനും അമ്മയും രണ്ടു മക്കളും ജീവിച്ചിരുന്നു. അവർ പാവപെട്ടവരായിരുന്നു. പ്രാരാബ്ധത്തിലൂടെയാണ് അവർ ജീവിച്ചിരുന്നത്. അച്ഛൻ ഒരു മദ്യപാനിയായിരുന്നു. ദിവസവും മദ്യപിച് വീട്ടിൽ വന്നു തന്റെ ഭാര്യയെ തല്ലുമായിരുന്നു. എന്നും ഈ അടിയും വഴക്കും കണ്ടാണ് മക്കൾ വളർന്നിരുന്നത്. മക്കൾ രണ്ടും നന്നായിട്ട് പഠിക്കുന്നവരാണ്. ഒരു ദിവസം എന്നത്തേയും പോലെ ആ അച്ഛൻ മദ്യപിച്ച് വന്ന് അമ്മയെ തല്ലി. അമ്മ പറഞ്ഞു "എന്നും നിങ്ങൾ ഇങ്ങനെ കള്ളു കുടിച്ചിട്ട് വരാതെ ഇത് കണ്ടല്ലേ മക്കൾ വളരുന്നത്. അവരും ഇത് ഭാവിയിൽ ആവർത്തിച്ചാലോ " അച്ഛൻ പറഞ്ഞു " എന്നും പ്രാരാബ്ധം കാരണമാണ് എനിക്ക് ഈ ഗതി വരുന്നത് ". അമ്മ പറഞ്ഞു "മോളെ ഇത് ഭാവിയിൽ ബാധിക്കില്ലേ. അവളുടെ ജോലിക്ക് ഇത് തടസമാവില്ലേ ". അച്ഛൻ ഒന്നും മിണ്ടാതെ പോയി. അച്ഛന്റെ ഈ നിരന്തരമുള്ള പ്രവർത്തി കാരണം ആ വീടിന്റെ സമാധാനം നഷ്ടപ്പെട്ടു. ഒരിക്കൽ മകൾ പഠിക്കാൻ പോകുന്ന സമയത്ത് ലഹരിയിൽ അടിമപ്പെട്ട കുറച്ചു ചെറുപ്പക്കാർ വന്ന് അവളോട് മോശമായ രീതിയിൽ സംസാരിക്കുകയും മോശമായ രീതിയിൽ നോക്കുകയും ചെയ്തു. ഉടൻ തന്നെ അവൾ ആ കോളേജിന്റെ പ്രിൻസിപ്പാലിനോട് കാര്യം പറഞ്ഞു. പക്ഷെ അവർ ആരും തന്നെ ഗൗനിക്കുന്നില്ല. ഉടൻ തന്നെ തന്റെ വീട്ടിലേക്ക് വിളിച്ചു കാര്യം പറഞ്ഞു. അമ്മ ഈ കാര്യം ടീച്ചറിനോട് പറയാം എന്ന് വാക്കു കൊടുക്കുന്നു. പക്ഷെ അമ്മ ഇത് പറഞ്ഞെങ്കിലും അവർ ഒരു താത്പര്യമില്ലാത്ത രീതിയിൽ ശെരി വെച്ചു. പിറ്റേ ദിവസം അവർ വീണ്ടും വന്ന് പറഞ്ഞു "ഞാൻ പറയുന്നത് പോലെ അനുസരിച്ചില്ലെങ്കിൽ നീ ഇനി പുറത്തു കേൾക്കാൻ പോകുന്നത് വെറും കുത്തു വാക്കുകളാണ്. പിന്നെ നിന്നെ പറ്റി മോശമായി എല്ലാരോടും ഞാൻ പറയും "ഇനി താൻ അത് ചെയ്യേണ്ടി വന്നാൽ തന്റെ കുടുംബത്തിന്

നാണക്കേടാകും പിന്നെതന്റെ കുടുംബം പെരുവഴിയിൽ ആകും എന്ന് മനസ്സിൽ കരുതി സ്വന്തം കുടുംബത്തിന്റെ നാണക്കേട് മാറ്റാൻ വേണ്ടി അവൾ സ്വയം ജീവനൊടുക്കി. ഈ വിവരമറിഞ്ഞ അച്ഛനും അമ്മയും പരിഭ്രാന്തരായി. തന്റെ ഒരു വലിയ സ്വപ്നം നൽകേണ്ട തന്റെ മകൾ ഈ ലോകം വിട്ടു പോയി എന്നും മനസിലോർത്ത് ആ മാതാപിതാക്കളുടെ മനസ് നീറുന്നു.

കുറെ നാളുകൾക്കു ശേഷം അവരുടെ മകൻ പഠിച്ച് നല്ല നിലയിലെത്തി. അവൻ കോളേജിൽ പഠിക്കുന്ന സമയത്ത് കുറെ ചീത്ത കൂട്ടുകാരുടെ കൂടെ കൂടുകയും അവരിൽ ഒരാൾ ലഹരി ഉപയോഗിക്കാൻ പഠിപ്പിക്കുകയും ചെയ്യുന്നു. കുറച്ചു നാളുകൾ കൊണ്ട് അവൻ ലഹരിക്ക് അടിമയാകുകയും ചെയ്യുന്നു. ഒരുദിവസം അമ്മ കടയിൽ സാധനം വാങ്ങാൻ വേണ്ടി പോകുന്ന വഴിയിലാണ് ആ ഞെട്ടിക്കുന്ന കാഴ്ച ആ അമ്മ കാണുന്നത് താൻ പൊന്നുപോലെ നോക്കിയ മകൻ അവന്റെ അച്ഛനെ പോലെ ലഹരി ഉപയോഗിക്കുന്നു. ഈ കാഴ്ച താങ്ങാൻ വയ്യാതെ താൻ ഇനി നാണംക്കെട്ട് ജീവിക്കേണ്ട എന്ന് കരുതി ആ അമ്മ സ്വയമേ ജീവനൊടുക്കി. മകൻ തിരിച്ചു വന്നപ്പോൾ താൻ ഏറ്റവും സ്നേഹിച്ച തന്റെ അമ്മയുടെ മൃതദേഹം.



നിങ്ങൾ ഒരു കാര്യം ഓർക്കുക ലഹരികടിമയാകുന്ന ഓരോ മനുഷ്യന്റെയും ജീവനാണ് നഷ്ടപെടുന്നത് അവരുടെ കുടുംബമാണ് വഴിയാധാരമാകുന്നത് നാണക്കേട് അനുഭവിക്കുന്നത്. ലഹരി ഉപയോഗിക്കുന്ന ആൾക്കാർക്കു പോലും മുന്നിൽ നില്കുന്നത് ആരാണെന്നുള്ള സമനില പോലുമില്ല. അമ്മയാണേലും പെങ്ങളാണെലും അവർ പിച്ചിചീന്താൻ മടിക്കില്ല. ലഹരി എന്ന ഈ വിപത്തിനെ തടയാൻ നമ്മുക്ക് കൈകോർക്കാം

സന്തോഷ് ബി. 10 A

# ഞാൻ കഥാനായകനായ കഥ

എന്റെ പേര് സന്തോഷ് ബി. മലയാള സിനിമയിൽ ഏറ്റവും കൂടുതൽ ആരാധകർ ഉള്ളത് അദ്ദേഹത്തിനാണ്. ഈ കഥയിൽ പറയുന്നത് വേറെ ആരെയുമല്ല. ഞാൻ തന്നെയാണ്...... It's me...... Santhosh......

ഞാൻ പഠിച്ചുകൊണ്ടിരുന്ന സ്കൂൾ, GTHSS മുരിക്കാട്ടുകുടി ആണ്. ഞാൻ



സ്കൂളിൽ പഠിക്കുന്ന സമയത്ത് ആരും എന്നെ കളിക്കാൻ വിളിക്കത്തില്ലായിരുന്നു.... ഒരു ദിവസം സ്കൂളിൽ കായികോത്സവം നടക്കുന്നു .

അന്ന് സ്പോർട്സ് സെലക്ഷൻ ആയിരുന്നു.. എന്റെ കൂട്ടുകാരൻ എന്നോട് ഫുട്ബോളിന് ചേരാൻ പറഞ്ഞു. ഞങ്ങൾ എല്ലാവരും ഗ്രൗണ്ടിൽ ആയിരുന്നു. അപ്പോൾ ഫ്രീ കിക്കിന്റെ സമയം ആയിരുന്നു. ഞാൻ ഓടിവന്ന് ബോളിൽ ഒറ്റ തൊഴി.... ബോൾ നേരെ കറങ്ങി കറങ്ങി ഫുട്ബോൾ പോസ്റ്റിന്റെ മുകളിൽ പോയി.

പിന്നെ വെയിൽ ആയിരുന്നതുകൊണ്ട് ഞാൻ അവിടെ നിന്ന് മാറി ഷിനു സാറിന്റെ അടുത്ത് ചെന്നു.അപ്പോൾ മണികണ്ഠൻ എന്നോട് പറഞ്ഞു വോളിബോളിന്റെ കളി ഉണ്ടെന്ന്. ഞാൻ ഉടനെ സാറിനോട് ചോദിച്ചു,, സാറെ വോളിബോളിന്റെ കളി ഉണ്ടോ എന്ന്... നിങ്ങൾ പോയി ഒരു ടീം ഉണ്ടാക്കിയിട്ട് വരാൻ സാർ പറഞ്ഞു. അപ്പോൾ തന്നെ കൂട്ടുകാരോട് ചോദിച്ചു, വോളിബോളിന്റെ കളി ഉണ്ട് ആരെങ്കിലും ടീമിൽ ചേരുന്നുണ്ടോ എന്ന്... എല്ലാവർക്കും സമ്മതം.

പിന്നീട് ഞങ്ങൾ കളിക്കാൻ പോയി. എനിക്ക് എന്റെ കൂടെയുള്ളവർ കളിക്കുമോ എന്ന് അറിയില്ലാരുന്നു. ശാന്തിഗ്രാമിൽ വച്ചാണ് മത്സരം.

ഞങ്ങൾ അവിടെചെന്ന് നോക്കുമ്പോൾ എല്ലാ സ്കൂളുകളിൽ നിന്നും ടീം എത്തിയിട്ടുണ്ട്. അവർക്ക് എല്ലാവർക്കും ജെഴ്സിയും ഉണ്ടായിരുന്നു. ഞങ്ങൾക്ക് ജെഴ്സി ഒന്നും ഉണ്ടായിരുന്നില്ല. ഹോസ്റ്റലിലെ നൈറ്റ് ഡ്രസ്സ് ഇട്ടാണ് കളിച്ചത്.!ഞങ്ങൾ ഗ്രൗണ്ടിന്റെ നടുക്ക് ചെന്നപ്പോൾ, അവിടെ വന്ന ഓരോരുത്തർക്കും വോളിബോൾ പോസ്റ്റിന്റെ പൊക്കം ഉണ്ട്. ഞാൻ ഓർത്തു തലക്കിട്ട് അടി കിട്ടുമെന്ന്...



പക്ഷേ, ഞങ്ങൾ അവിടെ ഒരു സാമ്രാജ്യം തന്നെ സൃഷ്ടിച്ചു.... അവർക്ക് അറിയില്ലായിരുന്നു,അവർ തൊട്ടുകളിക്കുന്നത് ഇരുമ്പിനെയാണെന്ന്.... ഓരോ ടീമിനെയും ഞങ്ങൾ അടിച്ചു തോൽപ്പിച്ചു.. അപ്പോൾ ഞാൻ പറഞ്ഞു വയലൻസ്.... വയലൻസ്.... അങ്ങനെ ഞങ്ങൾ സബ് ജില്ല ഫസ്റ്റ് വിജയികളായി.... ഞങ്ങളുടെ ടീമിലെ എല്ലാവർക്കും ജില്ലയിൽ കളിക്കാൻ സെലക്ഷൻ കിട്ടി. അങ്ങനെ അവിടെ ചെന്നു. അവിടെ ഞങ്ങൾക്ക് രണ്ടാം സ്ഥാനം ആയിപ്പോയി..... ഒറ്റ പോയിന്റിനാണ് ഒന്നാം സ്ഥാനം പോയത്.. അപ്പോഴാണ് എനിക്ക് വളരെ സങ്കടം വന്നത്. എന്റെ ടീമിൽ എനിക്ക് സ്റ്റേറ്റ് മത്സരത്തിന് സെലക്ഷൻ കിട്ടി. എന്റെ ടീമിൽ എല്ലാവരും HAPPY ആയി... പക്ഷേ... ഞാൻ മാത്രം HAPPY ആയില്ല. അത് എന്താണെന്നു ചോദിച്ചാൽ,.. എല്ലാവരുടെയും സപ്പോർട്ട് ഉള്ളതുകൊണ്ടാണ് ഞാൻ അവിടെ വരെ ചെന്നത്. അവരും കഷ്ടപ്പെട്ട് കളിച്ചതാണ്... പിന്നെ ഞാൻ സ്റ്റേറ്റ് ടീമിൽ കളിക്കാൻ പോയി.. പക്ഷേ തോറ്റുപോയി. എനിക്ക് സങ്കടം വന്നു.. തോറ്റതുകൊണ്ടല്ല.. അവന്മാരുടെ അവസാനത്തെ കളി ആയിരിക്കും.. ഞാൻ സ്കൂളിലേക്ക് വന്നു.. അവിടെ ആരാധകർ വളഞ്ഞുകൂടി. എന്റെ കൂട്ടുകാർക്കെല്ലാം ഒത്തിരി സന്തോഷമായി. ഞാൻ സ്കൂളിൽ എവിടെ നിന്നാലും ആരാധകർ വരും..

അങ്ങനെയാണ് യഥാർത്ഥത്തിൽ ഞാൻ ഒരു കഥനായകൻ ആയത്....

# ഭൂമിയിലെത്തുന്ന
# വെള്ളാരം കല്ലുകൾ

വെള്ളാരം കല്ലുകൾ പോൽ
മിന്നണതെന്താണ് മണ്ണിൽ
മിന്നണതെന്താണ്
വിണ്ണിൽ നിന്നും മണ്ണിലേക്ക്
വന്നവനാരാണ് മണ്ണിൽ
വന്നവനാരാണ്
അവിടെയും ഇവിടെയുമെല്ലാം
അങ്ങ് തെറിച്ചു തെറിച്ചു കിടക്കുന്നു
മഴയുടെ കൂടെ ഉല്ലസിച്ച്
ആനന്ദമാടി കളിക്കുന്നു
ആനന്ദമാടി കളിക്കുന്നു.

കുഞ്ഞുമനസ്സുകൾ
കവർന്നെടുത്ത്
ഭൂമിയിലേക്ക് വരുന്നല്ലോ
അവിടെയും ഇവിടെയുമെല്ലാം
അങ്ങ് തെറിച്ചു തെറിച്ചു കിടക്കുന്നു.
മുത്തു രത്നം പോലെയിരിക്കും
ആലിപ്പഴമേവന്നോളൂ...
കുട്ടികൾക്കെല്ലാം ആനന്ദമേകി
വീണ്ടുംവീണ്ടുംപെയ്തോളൂ

സ്നേഹമോൾ യു 9 A

# മൂക്കുത്തി




ഇത് എന്റെ കഥയാണ് ,ഞാൻ മുക്കുത്തി, .രാവിലെ അവൾ എന്നെയും കൊണ്ട് ബസിലേക്ക് കയറും പിന്നെ ഉന്തായി തള്ളായി ഇതെല്ലാം സഹിച്ചു കൊണ്ടിരിക്കുമ്പോഴാണ് കണ്ടക്ടറുടെ നുഴഞ്ഞുകയറ്റം ഉന്തിയും തള്ളിയുമങ്ങനെ ബസ് ഇറങ്ങും. പിന്നെ ഞാൻ നാലെണ്ണത്തിന്റെ മുന്നിൽ ചെന്നുപ്പെട്ടും. ഈ നാലെണ്ണത്തിന്റെ ചിലപ്പ് സഹിച്ച് സ്കൂളിൽ ചെല്ലുമ്പോൾ ദേണ്ടേ നിൽക്കുന്നു അടുത്തമാരണം! ആദ്യത്തെ ഇൻട്രവൽ അകുമ്പോൾ അവളുമാരുടെ ഒരുക്കമായി പെറുക്കമായി... അതിനിടയിൽ അവൾ എന്നെ പിടിച്ചൊരു തിരിയും. ഇൻട്രവൽ കഴിയുമ്പോൾ തൊട്ട്  തുടങ്ങും വിശക്കുന്നു വിശക്കുന്നു... പിന്നെ അവളുടെ ഒരു ജലദോഷമുണ്ട് ഒരിക്കലും സഹിക്കാൻ പറ്റില്ല പിന്നെ അങ്ങ് തുമ്മലായി എന്തോ ഭാഗ്യത്തിന് ഞാൻ തെറിച്ചു പോയില്ല.എന്നെ കിട്ടിയേ പിന്നെ അവൾക്ക് ഇച്ചിരി ഫോട്ടോ എടുപ്പ് കൂടുതലാണ് .

ആ ഫോണിന്റെ വെട്ടം അടിച്ച് ഞാൻ തിളങ്ങുമ്പോൾ ഞാൻ ഓർക്കും ഞാൻ ഒരു സ്റ്റാർ ആണ് എന്ന്

**അമേയ , ജോസ്മി 8 B**

# ഒരു മഴക്കാലം



ആർദ്രമായ് പെയ്യുന്ന മഴയിൽ ഇളം കാറ്റ്
കൊണ്ട് ഒരു കട്ടനും കുടിച്ച് ഇരിക്കാൻ എന്താ
രസം..ഈ സമയത്താണ് പഴയകാല
ഓർമ്മകൾ എന്നിലേക്ക് തിരിച്ച വരുന്നത്.
എന്റെ ഓർമ്മകൾ എന്താന്നു വെച്ചാൽ കൂട്ടുതലും
കൂട്ടുകാരുമായി വിദ്യാലയത്തിൽ
ഇരിക്കുന്നതായിരുന്നു.
വൈകുന്നേരവും മഴ തന്നെയായിരിക്കും
വാഴയില ചുടി പോകുമ്പോൾ ചായ
കടയിൽ നിന്നും തേൻമുട്ടായി വാങ്ങി
കഴിക്കുമായിരുന്നു
വീട്ടിൽ അമ്മ നല്ല ചായയും പരുപ്പുവടയും
എടുത്തു വയ്ക്കും.
അതൊക്കെയാണ് പഴയകലഓർമ്മകൾ

എയ്ഞ്ചൽ അനിമോൻ 8B

# സമയം

മനുഷ്യൻ സമയം നോക്കാൻ എന്ത് ഉപയോഗിക്കും?

ശാസ്ത്രലോകം സമയം നോക്കാൻ കണ്ടുപിടിച്ച ഒരു യന്ത്രമാണ് ക്ലോക്ക്. അതില്ലാതെ ഒരു മനുഷ്യന്റെ ഒരു ദിവസം കഴിഞ്ഞുപോവില്ലായിരുന്നു എല്ലാരും ഉപയോഗിച്ച ഒരു സാധനം ആയിരുന്നു ക്ലോക്ക്. അങ്ങനെയിരിക്കെ ശാസ്ത്രലോകം ക്ലോക്കിന്റെ അതേ രൂപവും ഭാവവും എന്നാൽ ചെറിയ വ്യത്യാസം മാത്രമേ മാത്രമുള്ള ഒരു യന്ത്രം കണ്ടുപിടിച്ചത് അതാണ് മലയാളത്തിൽ കാണുക എന്ന അർത്ഥം വരുന്ന വാച്ച് ഇതിന്റെ പ്രത്യേകത കയ്യിൽ കൊണ്ട് നടക്കാൻ സാധിക്കും. എന്നാൽ ഇത് ക്ലോക്കിന് ഒരു എതിരാളി തന്നെയായിരുന്നു. ആ സമയത്താണ് സ്മാർട്ട് വാച്ച് എന്ന പുതിയ സാങ്കേതികവിദ്യ ശാസ്ത്രലോകം കണ്ടുപിടിച്ചത് അത് ക്ലോക്കിനും വാച്ചിനും ഒരു വലിയ പോരാളി ആയിരുന്നു. അതിൽ മനുഷ്യന്റെ ഹാർട്ട് ബീറ്റ് വരെ അറിയാൻ സാധിക്കും. ചെറുതായി മെഡിക്കൽ ഫീൽഡിനും വാച്ച് പണി കൊടുത്തു. ചെറുതായി ഫോണിനും അങ്ങനെ ക്ലോക്കും വാച്ച് സ്മാർട്ട് വാച്ചും തമ്മിലുള്ള മുട്ട നടിയായി .മനുഷ്യർക്ക് എന്നെ മതി എന്നെ മതി എന്ന് പറഞ്ഞ ഇപ്പോൾ മനുഷ്യ സമയം നോക്കാൻ ഇതിൽ ഏത് ഉപയോഗിക്കും എന്ന് സംശയമായി.





എന്നാലും ഇവർ തമ്മിലുള്ള വാദം തീരുന്നില്ല അവസാനം അതിനൊരു പരിഹാരമായി ശാസ്ത്രലോകം വന്നു ഈ ക്ലോക്ക് സ്മാർട്ട് വാച്ച് ഇതെല്ലാം പ്രവർത്തിക്കണമെങ്കിൽ ബാറ്ററി വേണം. ഇവിടുത്തെ നായകൻ ബാറ്ററിയാണ്.

ഇങ്ങനെ ശാസ്ത്രലോകം കണ്ടെത്താൻ തുടങ്ങിയാൽ മനുഷ്യന്റെ പ്രവർത്തി, യന്ത്രം ചെയ്യുന്ന അവസ്ഥയിൽ എത്തും അങ്ങനെയെങ്കിൽ മനുഷ്യന്റെ ഉപയോഗം വേണ്ടിവരില്ല........

**ജെമീമ അന്ന മാത്യു 10 B**

# കൗമാരത്തിലെ കഴുകൻ



**ജീ**വിതത്തിലെ ഏറ്റവും സുന്ദരമായ ഒരു കാലഘട്ടമാണ് കൗമാരം.പല മോഹങ്ങളും പല ചിന്തകളും പൊട്ടി മുളക്കുന്ന കാലം ,ഒരു തീ പോലെ ആളിക്കത്തുന്ന മനസ്സുള്ള കാലഘട്ടം . ആ തീയിൽ കത്തിയെരിയുന്ന രണ്ടു ജീവനുകൾ ഉണ്ട് , പക്ഷേ ആ ജീവനോട് ഒരു ദയയും കാണിക്കില്ല. ആ ജീവന്റെ വില ഒരിക്കൽ തിരിച്ചറിയും അങ്ങനെ ഒരു കാലം അവൾക്കും ഉണ്ടായി.

പ്രണയം എന്ന കാട്ടുതീ അവളിലും പടർന്നു . ഒരു കഴുകനെ പോലെ അവളെ റാഞ്ചി. അവളുടെ ജീവിതത്തിലെ  സ്വപ്നങ്ങൾ അവളുടെ ഒരു വാക്കുകൊണ്ട് ഇല്ലാതായി. "ഞാൻ വരാം വിളിച്ചാൽ എങ്ങോട്ട് വേണമെങ്കിലും" അങ്ങനെ

അവളിൽ ആ തീ പടർന്നു.

ജീവിതം മറ്റൊരു ദിശയിലേക്ക്, അങ്ങനെ അവളുടെ പതിമൂന്നാം വയസിൽ വിവാഹിതയായി. കോടതിയുടെ വാക്കുകൾക്ക് വിപരിതം ആയി മകളുടെ ആഗ്രഹത്തിന് വഴങ്ങി മകളെ അയാൾക്കൊപ്പം പറഞ്ഞയച്ച " അവളുടെ ജീവിതം ഇഷ്ടം അതാണെങ്കിൽ പോക്കൊട്ടെ " ഇങ്ങനെയൊക്കെ പറയുമ്പോഴും അവരുടെ കണ്ണുകൾ നിറഞ്ഞിരുന്നു . പിന്നിടവിട്ടുന്ന് അവൾ ആഗ്രഹിച്ചതിന് വിപരീതമായാണ് ജീവിതം മുന്നോട്ടു നീങ്ങിയത് . ഭർത്താവിന്റെ വീട്ടിൽ പത്രം കഴുകിയും,തുണി കഴുകിയും ശകാരങ്ങൾ കേട്ടും ഉറങ്ങിയും ഉറങ്ങാതെയും അവളുടെ ജീവിതം മുന്നോട്ടു നീങ്ങി " പത്രം കഴുകിയെങ്കിൽ അകത്ത് തുണി എടുത്ത് ഇട്ടിട്ടുണ്ട് അതും കഴുകണം" " ശരി" അതുപറയുമ്പോൾ അവളുടെ കണ്ണിൽ നിന്നു കണ്ണുനീർ പൊഴിഞ്ഞു .

അങ്ങനെ തന്റെ പതിനഞ്ചാം വയസിൽ അവൾ ഒരു അമ്മയായി. അവൾ ഒരിക്കലും വിച്ചരിച്ചതല്ല തന്റെ ജീവിതം ഒരു ഏലക്കാട്ടിൽ തീരേണ്ടിവരുമെന്ന് . അങ്ങനെ വർഷങ്ങൾക്കുശേഷം അവൾ മക്കളോടായി പറഞ്ഞു " ഒരിക്കലും എടുത്തുചാടരുത് ചില തീരുമാനങ്ങൾ ഒരു കഴുകനെ പോലെ നമ്മുടെ ജീവിതത്തെ പൊട്ടിചീന്തും" പ്രണയം ഒരു തീയാണ്,ഒരു കഴുകൻ അണ്. യൗവനത്തിലെ കഴുകൻ !

രേഷ്മ ബിനീഷ് 9 A

# സ്നേഹം നിറയ്ക്കുന്ന പാരിജാതം

ചാന്ദിനി

പുഞ്ചിരി തൂവുന്നപാരിജാതം സദാ
തൂവെള്ള ചായുന്ന പൂവിതളിൽ
മധുരം കരുതി വിതറുവാനെപ്പൊഴും
കാത്തിരിക്കും കതിർ കാവലാളായ്

അല്ലലുണ്ടെങ്കിലും ആധിയില്ലാതുള്ള
നൊമ്പരമുള്ളിലൊതിക്കി നന്നായ്
മന്ദസ്മിതത്തോടെ കുഞ്ഞി കവിൾത്തടം
സുസ്മിത കാന്തി തളിർ നിറയ്ക്കും

വളരും തളിരില ചുണ്ടിലായ് ലിഴയുന്ന
നിഷ്കളങ്കത്വം തിരഞ്ഞീടുകിൽ
കാണാ അവിരാമസ്പന്ദനങ്ങൾക്കൊപ്പമാ
സ്നേഹാദ്ര ഭാവമാമുൾത്തുടുപ്പും

വേരുകളൂറ്റുന്ന സ്നേഹമാണെപ്പഴും
പൂമ്പൊടി നാമ്പിലെ പൂമധുരം
ഇലകളിലെത്തി പതിയുന്ന പൂവിനെ
തൂവെള്ളയാക്കുന്ന മധുര മന്ത്രം !!!!!!

കാലത്തിനനുസൃതമായി നമ്മുടെ വായനാ സംസ്കാരം

മാറ്റിയെടുക്കാനുള്ള ഈ ചെറിയ ഉദ്യമത്തിന് പിന്തുണയും

കരുത്തുമേകിയ ഏവർക്കും നന്ദിയോടെ ഈ ഡിജിറ്റൽ

മാഗസിൻ  സമർപ്പിക്കുന്നു




LITTLE KITES UNIT 2022-25